"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പൂക്കുളത്തൂർ സി.എച്ച്.എം. എച്ച്.എസ്.എസ്. ലെ ക്ലർക്കായിരുന്ന ശ്രീ മുഹ്സിൻ ബാബു പി. യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.5027/2026/GEDN തീയതി,തിരുവനന്തപുരം, 28-07-2026

---

പരാമർശം:- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.07.2025, 28.01.2026, 25.06.2026 തീയതികളിലെ യഥാക്രമം ഇഎം2/14804/2025/ഡിജിഇ, ഇഎം2/3228/2026/ഡിജിഇ നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പൂക്കുളത്തൂർ സി എച്ച് എം എച്ച് എസ് എസ് -ലെ ക്ലാർക്ക് ആയ ശ്രീ മുഹ്സിൻ ബാബു പി. യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശ പ്രകാരം പ്രപ്പോസൽ സമർപ്പിച്ചു. 2016 ഓഗസ്റ്റിൽ നടന്ന വകുപ്പ് തല പരീക്ഷയിൽ എം.ഒ.പി വിജയിച്ച ശ്രീ മുഹ്സിൻ ബാബു പി. യുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനായി സർക്കാരിലേക്ക് ശിപാർശ ലഭ്യമാക്കിയിരിക്കുന്നത് 26.07.2025 ലാണ്. കാലതാമസം മാപ്പാക്കുന്നതിനുള്ള അപേക്ഷയും ലഭ്യമാക്കിയിരുന്നു. ടി കാലതാമസം സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം പ്രകാരം വിശദീകരണം ലഭ്യമാക്കി. പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിലെ കാലതാമസം മാപ്പാക്കുന്നതിനുള്ള അനുമതി ഉത്തരവ് സർക്കാരിൽ നിന്നും വാങ്ങേണ്ടതാണ് എന്ന് ചൂണ്ടിക്കാട്ടി 2009, 2014 വർഷങ്ങളിലെ ശമ്പള നിർണയത്തിൽ തടസ്സവാദം ഉന്നയിച്ച് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും കത്ത് നൽകിയിരുന്നു. പ്രസ്തുത തടസ്സവാദം തീർപ്പാക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പ്രകാരം അധികമായി കൈപ്പറ്റിയ 73,922/- രൂപ തിരിച്ചടച്ചതിനാൽ 2009, 2014 ശമ്പള പരിഷ്കരണം റിവൈസ് ചെയ്തുകൊണ്ട് ഉത്തരവാകുകയും, സമർപ്പിച്ച പ്രൊപ്പോസലിൽ 1 വർഷം വരെയുള്ള എക്സ്റ്റൻഷൻ മാനേജർക്ക് അനുവദിക്കാമെന്നും, ശേഷിക്കുന്ന കാലതാമസം മാപ്പാക്കുന്നതിനാണ് പ്രൊപ്പോസൽ സമർപ്പിക്കേണ്ടത് എന്ന് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ നിർദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ശ്രീ മുഹ്സിൻ ബാബു പി, എം.ഒ.പി വിജയിക്കുന്നതിനുള്ള കാലതാമസവും, മേൽ സൂചിപ്പിച്ച നടപടി ക്രമങ്ങൾ പാലിക്കുന്നതിനുണ്ടായ കാലതാമസവും കാരണമാണ് അപേക്ഷ സമർപ്പിക്കുവാൻ വൈകിയിട്ടുള്ളതെന്ന് മാനേജരും, മലപ്പുറം ജില്ലാ വിദ്യാഭ്യസ ഓഫീസറും വിശദീകരണം സഹിതം മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നുള്ള വിവരവും പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൂക്കുളത്തൂർ സി.എച്ച്.എം. എച്ച്.എസ്.എസ്. -

ലെ ക്ലാർക്ക് ആയ ശ്രീ മുഹ്സിൻ ബാബു പി. 01/01/2007 ന് സേവനത്തിൽ പ്രവേശിച്ചു. തുടർച്ചയായ മൂന്നു വർഷ കാലയളവിനുള്ളിൽ 2 വർഷം പൂർത്തീകരിച്ചത് 31.12.2008 തീയതിയാണ്. ടിയാൻ എം ഒ പി പാസ്സായത് 23.08.2016 ന് നടന്ന വകുപ്പ് തല പരീക്ഷയിലാണ്. നിരീക്ഷണകാലം 31.12.2010 വരെ മാനേജർ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ശ്രീ മുഹ്സിൻ ബാബു പി. യുടെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ, വകുപ്പ് തല പരീക്ഷയുടെ അവസാന തീയതിയായ 23.08.2016 ന് തൊട്ടടുത്ത ദിവസമായ, 24.08.2016 ന് വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനായി പ്രൊബേഷൻ കാലയളവ് 01.01.2011 മുതൽ 25.08.2016 വരെ KS& SSR ഭാഗം II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

ശ്രീ മുഹ്സിൻ ബാബു പി., ക്ലർക്ക്, സി.എച്ച്.എം.എച്ച്.എസ്.എസ്., പൂക്കളത്തൂർ, പി.ഒ. പുൽപെറ്റ, മലപ്പുറം - 676 123.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം.
വിവര പൊതുജനസമ്പർക്ക വെബ്&ന്യൂ മീഡിയ വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി. (S2/134/2025-G.EDN)

ഉത്തരവിൻ പ്രകാരം
Digitally signed by
Resmi Babu
Date: 28-07-2026
11:45:31
സെക്ഷൻ ഓഫീസർ

പകർപ്പ്:- പൊതുവിദ്യാഭ്യാസ വകുപ്പ സ്പെഷൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്